കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15, 2015-16

കേരള സംസ്ഥാന ഓഡിറ്റ്കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklmksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-ഡി.ബി.530/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം ജില്ല

തീയതി.22/03/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക്പഞ്ചായത്ത് - 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-കെ.എൽ.എം-ഡി.ബി-530 /2017 തീയതി:22/03/2017

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ

2014-15 &2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 &2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത്, 06-08-2015 മുതൽ 15-02-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.എ.എസ്.മിനി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-02-2017 മുതൽ 27-02-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സൈമൺ. | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |

| | | |
|---|---|---|
| | ശ്രീമതി.സിജാറാണി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സി.ചന്ദ്രപ്രകാശ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീമതി.ബിന്ദു നായർ. | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പ്രൊഫ:ബി.ശിവദാസൻപിള്ള. | 01.04.2014 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേഷൻ കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി.അരുണാദേവി.എസ്. | 19.11.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീമതി.ലിഷാമോഹൻ. | 01.04.2014 മുതൽ 21.06.2014 വരെ |
| | ശ്രീ.എസ്,അശോകകുമാർ | 22.06.2014 മുതൽ 30.06.2014 FN വരെ |
| | ശ്രീ.ജി.ശിശുപാലൻ. | 30.06.2014 AN മുതൽ 08.02.2016. വരെ |
| | ശ്രീ.ബി.അനീഷ്. | 09.02.2016 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ബി.ഷൈജ. | 01.04.2014 മുതൽ 18.06.2015 FN വരെ |
| | ശ്രീമതി.മഞ്ജു.കെ.എസ്. | 18.06.2015 AN മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. | ശ്രീ.ജോൺ ജോസഫ് | 01.04.2014 മുതൽ 31.03.2016. വരെ |
| സി.ഡി.പി.ഒ | ശ്രീമതി.നിർമ്മല.ആർ | 01.04.2014 മുതൽ 31.03.2016. വരെ |
| മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി,കടയ്ക്കൽ. | ഡോ.എസ്.ആർ.പ്രദീപ് | 01.04.2014മുതൽ 31.10.2015 വരെ |
| | ഡോ.രാകേഷ്.എം.വി.. | 01.11.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,നിലമേൽ.സി.എച്ച്.സി | ഡോ.വി.സുരേഷ് ബാബു. | 01.04.2014 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ. | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ. | 01.04.2014 മുതൽ 11.01.2016 വരെ |
| | ശ്രീ.ജി.സുനിൽ | 11.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,വെളിനെല്ലൂർ സി.എച്ച്.സി | ഡോ.പത്മകുമാരി | 01.04.2014 മുതൽ 25.06.2014 |

| | | |
|---|---|---|
| | | വരെ |
| | ഡോ.സുചിത്ര.കെ.ജി | 26.06.2014 മുതൽ 11.05.2015 വരെ |
| | ഡോ.കെ.ശശി | 12.05.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വ്യവസായ എസറ്റേറ്റ് വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല | 2-1 |

| | | |
|---|---|---|
| | ഭാഗം 3 | |
| 12 | ഐ.എ.വൈ ഭവന നിർമ്മാണം സർക്കാർ നിരദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളുടെ പേരിൽ ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ബാങ്കിൽ സൂക്ഷിക്കുന്നു. നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച – തുടരന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | 3-1 |
| 13 | ഐ.കെ.എം-ൽ അധികമായി തുക ഒടുക്കുവരുത്തി | 3-2 |
| 14 | വിനിയോഗ വിശദാംശങ്ങൾ ഇല്ല | 3-3 |
| 15 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 3-4 |
| 16 | നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 17 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ തുക മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ പിൻവലിച്ചിരിക്കുന്നു. | 3-6 |
| 18 | വിവിധ മരുന്നു വാങ്ങൽ പദ്ധതികൾ തുക നൽകി ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-7 |
| 19 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-8 |
| 20 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത് പദ്ധതിക്കായി തുക ചെലവഴിച്ചിരിക്കുന്നു; ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 21 | പോസ്റ്റേജ് സ്റ്റാമ്പിനായി ചെലവഴിച്ച -5000/-രൂപ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-10 |

| | | |
|---|---|---|
| 22 | പൈപ്പ് ലൈൻ എക്സ്റ്റൻഷന് എസ്റ്റിമേറ്റ് തുകയേക്കാൾ അധികം തുക നൽകി | 3-11 |
| 23 | വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പദ്ധതി നിർവ്വഹണം പൂർത്തിയായില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 24 | വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 25 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു. | 3-14 |
| 26 | വെളിനല്ലൂർ പാലിയേറ്റീവ് വാർഡ് ബിൽഡിംഗ് പ്രവർത്തനക്ഷമാക്കിയിട്ടില്ല. | 3-15 |
| | ഭാഗം-4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | സാക്ഷ്യപത്രം-2014-15 | അനുബന്ധം-1 |
| 37 | സാക്ഷ്യപത്രം-2015-16 | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26-02-2014 തിയതിയിലെയും 2015-16 വർഷത്തെ ബജറ്റ് 26-03-2015 തീയതിയിലെയും ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 <u>വാർഷിക ധനകാര്യപത്രിക.</u>

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31-07-2015 | 20-06-2015 | തിരിച്ചയച്ചില്ല | ------ |
| 2015-16 | 31-07-2015 | 05-07-2016(ഇ-സബ്മിഷൻ) | തിരിച്ചയച്ചില്ല | ----- |

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 09-10-2015 | നം-കെ.എസ്.എ-കെ.എൽ.എം-ഡി.ബി-1958/2015/27-10-15 |
| 2015-16 | 21-02-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

2014-15, 2015-16വാർഷികധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>2014-15</u>

1. കേരളോത്സവത്തിന് ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഇരട്ടിച്ച് വന്നിരിക്കുന്നു.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.
3. ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-9 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.
4. അക്കൗണ്ട് നം-555443076,925655550 എന്നിവ പ്രകാരമുള്ള മുന്നിരിപ്പ് തുകയും നീക്കിയിരിപ്പ് തുകയും ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല.

<u>2015-16</u>

1. R&P -31 ഷെഡ്യൂളിൽ Contribution for Joint Venture Projects-from Block Panchayath-

ൽ വരവായി 18273000/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ വികസനഫണ്ടിൽ നിന്നും IAY -ഭവനനിർമ്മാണത്തിന് മാറ്റിയ തുകയാണ്.

2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. Capital Work In Progress-Part Payment -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ തുകയും വാർഷികധനകാര്യപത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2014-15 | 65716780 | 163586735 | 229303515 | 184279107 | 45024408 |
| 2015-16 | 45024408 | 258886284 | 303910692 | 221309263 | 82601429 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9186434 | 40905000 | 50091434 | 27795917 | 22295517 | 55 |
| വികസനഫണ്ട് എസ്.സി.പി. | 2785108 | 17028000 | 19813108 | 17654810 | 2158298 | 89 |
| വികസനഫണ്ട് ടി.എസ്.പി. | ------ | 353000 | 353000 | 353000 | ---------- | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1135559 | 5440000 | 6575559 | 4067647 | 2507912 | 62 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 22295517 | 29939149 | 52234666 | 52234666 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2158298 | 9689923 | 11848221 | 11848221 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | ---------- | 353000 | 353000 | 353000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2507912 | 5216175 | 7724087 | 7724087 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 91 | 302222580 | 57 | 50591275 | -- | 34 | 63 |
| 2015-16 | 96 | 193149705 | 92 | 72459591 | -- | 4 | 96 |

## 1-7 തനത് വരുമാനം.

2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിൽ നികുതി വരുമാനത്തിലുണ്ടായ വ്യത്യാസത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 4734988 | 582432 | (-4152556) | |
| മറ്റുവരവുകൾ | 2400000 | 4617543 | 2217543 | |
| ആകെ | 7134988 | 5199975 | (-1935013) | -27 |

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | | |
| നികുതിയേതര വരവുകൾ | 582432 | 285136 | (-297296) | |
| മറ്റുവരവുകൾ | 4617543 | 3285771 | (-1331772) | |
| ആകെ | 5199975 | 3570907 | (-1629068) | -31 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-02-2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസില്ലയെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ആകെ 185 പദ്ധതികളിൽ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയത് വെറും രണ്ട് പദ്ധതികളാണ്. സീനിയർ വെറ്ററിനറി സർജൻ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ, രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. കാലാകാലങ്ങളിൽ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ആർജ്ജിക്കുന്ന ആസ്തികളുടെ വിവരം കൃത്യമായി ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സാമ്പത്തിക വർഷാവസാനം ബാധ്യതയായി അവശേഷിക്കുന്ന ആസ്തികളുടെ വിവരം ലഭ്യമല്ല. കൂടാതെ നിശ്ചിത കാലാവധിക്കുള്ളിൽ പിൻവലിക്കാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റുകൾ യഥാസമയം ബ്ലോക്ക്പഞ്ചായത്ത്ഫണ്ടിലേക്ക് വകയിരുത്തേണ്ടതുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്ക് വകയിരുത്തേണ്ട ഡെപ്പോസിറ്റുകളുടെ വിശദാംശം ലഭ്യമല്ല.

ഐ.എ.വൈ ഭവനനിർമ്മാണപദ്ധതിയുടെ തുക നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടിൽ 2015-16 സാമ്പത്തിക വർഷത്തിൽ നീക്കിബാക്കിയായിട്ടുള്ള തുക 59818897/-രൂപയാണ്. ഐ.എ.വൈ ഭവനനിർമ്മാണ പദ്ധിക്കായി ഗുണഭോക്താക്കൾക്കുള്ള വിഹിതം പിൻവലിക്കുമ്പോൾ യഥാർത്ഥ ചെലവിനനുസൃതമായിട്ടല്ല തുക പിൻവലിച്ചിരിക്കുന്നത്.

സെക്രട്ടറി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഫീസ്ചെലവുകൾ എന്ന പദ്ധതി പ്രകാരം തുക പിൻവലിച്ചിരിക്കുന്നത് മറ്റ് നിർവ്വഹണ ഉധ്യോഗസ്ഥരാണ്. ധനവിനിയോഗ മാർഗ്ഗരേഖയ്ക്കനുസൃതമായി പണമിടപാടുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-01-2016 മുതൽ 30-01-2016 വരെ | 2015-16-II Half | 31-05-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-01-2014 | 2012-13 | LBA(HQ)IV/8-A-20174-13-14/11-03-14 |

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യവസായ എസ്റ്റേറ്റ് വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

(എ) നിലമേൽ വ്യവസായ എസ്റ്റേറ്റ് വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിന് 1,82,400/ രൂപയുടെ നഷ്ടം.

കൊല്ലം ജില്ലാ പഞ്ചായത്തിൻെറ 2004 – 2005 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചടയമംഗലം ബ്ളോക്ക് പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ നിലമേൽ ഗ്രാമപഞ്ചായത്തിലെ ബംഗ്ളാംകുന്നിൽ വാങ്ങിയിട്ടുള്ള 72.88ആർ വസ്തുവിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടി നാല് മുറികൾ വീതം ഉള്ള രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുകയും, ടി കെട്ടിടങ്ങൾ 03-08-2008 ൽ കൊല്ലം ജില്ല പഞ്ചായത്ത് അംഗീകരിച്ച ബൈലായുടെ അടിസ്ഥാനത്തിൽ -വ്യവസായ എസ്റ്റേറ്റിലെ ഷെഡ്യുകളുടെ വാടക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നേരിട്ട് ഈടാക്കാവുന്നതും, ടി വാടകയുടെ 60% ജില്ല പഞ്ചായത്തിനും 40% ബ്ളോക്ക് പഞ്ചായത്തിനുമായി നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വികസന സമിതിയുടെ 21-06-2012 ലെ 14ാം നമ്പർ തീരുമാനം അനുസരിച്ച് വ്യവസായ എസ്റ്റേറ്റിലെ ഷെഡ്യുകൾ ബ്ളോക്ക്പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്.

വ്യവസായ എസ്റ്റേറ്റിൻെറ വാടകയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സക്വയർ ഫീറ്റിന് 2/രൂപ നിരക്കിൽ 600 സക്വയർ ഫീറ്റുള്ള ഒരു കടമുറിക്ക് 1200/രൂപയാണ് വാടക നിശ്ചയിച്ച് നൽകിയിട്ടുള്ളത്. 1 മുതൽ 4 വരെയുള്ള കടമുറികൾ ശ്രീ. അർ. എസ് .ലാൽ, സ്പെയിസ്-ഇൻറീരിയേഴ്സ് & സ്പെയിസ് എഞ്ചിനിയേഴ്സ് വർക്സ് എന്ന വ്യക്തിയ്ക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. ടിയാൻ 9/2014 വരെയുള്ള വാടക മാത്രമേ ബ്ളോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളൂ. 15-12-2015 ലെ നം. ബി1.1601/14 കത്ത് മുഖേന കുടിശിക വാടക ഒടുക്ക് വരുത്തുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും വാടകക്കാരൻ വാടക ഒടുക്ക് വരുത്തിയിട്ടില്ല. നാല് കടമുറികൾക്കുമായി പ്രതിമാസം 4,800/രൂപ ടിയാൾ ഒടുക്കേണ്ടതായുണ്ട്. 10/2014 മുതലുള്ള 02/2017 വരെയുള്ള 29 മാസത്തേയ്ക്ക് പ്രതിമാസം 4,800/രുപ നിരക്കിൽ 1,39,200/ വാടക ഇനത്തിൽ ഒടുക്കേണ്ടതാണ്.

5, 6 എന്നീ നമ്പർ കടമുറികൾ ശ്രീ. അഭിലാഷ് മാധവൻ, അഭിനിവാസ് , കിഴാറ്റിംഗൽ എന്ന വ്യക്തിക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്.ടിയാൻ 08/2015 വരെയുള്ള വാടക മാത്രമേ ബ്ളോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളു. ടിയാനും മേൽ ഖണ്ഡികയിൽ പറഞ്ഞ നമ്പർ കത്ത് മുഖേന നോട്ടീസ് നൽകിയെങ്കിലും നാളിതുവരെയും വാടക ഒടുക്കിയിട്ടില്ല. 09/2015 മുതൽ 02/2017 വരെയുള്ള 18 മാസത്തേയ്ക്ക് പ്രതിമാസം 2,400/രൂപ നിരക്കിൽ 43,200/രൂപ വാടക ഇനത്തിൽ ഒടുക്ക് വരുത്തുവാനുണ്ട്. വാടക ഇനത്തിൽ ആകെ 1,82,400/രൂപ (1,39,200+ 43,200) ബ്ളോക്ക് പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ടി തുക യും നാളിതുവരെയുള്ള പലിശയും, പിഴപലിശയും സഹിതം വാടകക്കാരിൽ നിന്നും ഈടാക്കി ബ്ളോക്ക് ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്. കൂടാതെ ഓരോ വർഷവും വാടകയിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി വാടകക്കാരുമായി കരാർ വയ്ക്കേണ്ടതുമാണ്. വാടക രജിസ്റ്റർ കൃത്യമായി സാക്ഷ്യപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ടി സ്ഥലം പ്രാദേശികമായി പരിശോധന നടത്തിയതിൽ ബ്ളോക്കിൻെറ

അനുമതിയില്ലാതെ ശ്രീ. ആർ. എസ്.ലാൽ സ്വന്തം നിലയിൽ ഷീറ്റ് ഉപയോഗിച്ച് ഷെഡുകൾ കെട്ടി തടിമില്ല് പ്രവർത്തിപ്പിക്കുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) വ്യവസായ എസ്റ്റേറ്റിനോടനുബന്ധിച്ചുള്ള വസ്തു വേലികെട്ടി സംരക്ഷിച്ചിട്ടില്ല, റബ്ബർ മരങ്ങൾ ടാപ്പിംഗിന് വേണ്ടി ലേലം ചെയ്ത് നൽകിയിട്ടില്ല.

1998-'99 സാമ്പത്തിക വർഷം പ്ളാൻ ഫണ്ട് വിഹിതം ഉപയോഗിച്ച് ബ്ളോക്ക് പഞ്ചായത്ത്, വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് 72.88ആർ വസ്തു വിലയ്ക്ക് വാങ്ങുകയുണ്ടായി . ടി സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തിയതിൽ ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങൾ പണിത സ്ഥലം കഴിച്ചുള്ള വസ്തുവിന്റെ അതിർത്തികളിൽ സ്ഥാപിച്ച വേലിക്കല്ലുകൾ പൊളിഞ്ഞ് കിടക്കുന്നതായും തദ്ദേശവാസികൾ വസ്തു കയ്യേറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്.കൂടുതലായുള്ള കയ്യേറ്റം ഒഴിവാക്കുന്നതിന് വസ്തു അളന്ന് തിരിച്ച് അതിർത്തികളിൽ വേലിക്കല്ല് കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി വസ്തുവിൽ 350 റബ്ബർ മരങ്ങൾ വർഷങ്ങളായി ടാപ്പ് ചെയ്യാതെ നിൽക്കുന്നതായും ബോധ്യപ്പെടുകയുണ്ടായി. ടി മരങ്ങൾ ടാപ്പിംഗ് ചെയ്യുന്നതിന് കരാർ വ്യവസ്ഥയോ, ലേല നടപടിയോ സ്വീകരിക്കേണ്ടതാണ്. റബ്ബർ മരങ്ങളിൽ നിന്നുള്ള ആദായമിനത്തിൽ ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിന് ഭീമമായ തുക ഒരോ വർഷവും നഷ്ടപ്പെടുന്നതായി ഓഡിറ്റിൽ കണക്കാക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ.എ.വൈ ഭവന നിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളുടെ പേരിൽ ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ബാങ്കിൽ സൂക്ഷിക്കുന്നു. നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച തുടരന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ ഐ.എ.വൈ ഭവന നിർമ്മാണം പദ്ധതിയിലാണ് സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്താക്കളുടെ പേരിൽ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നത്.

2014-2015 സാമ്പത്തിക വർഷത്തിലെ ഭവന നിർമ്മാണം പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. 2011-2012 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിനായി ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കായി 2014-2015 വർഷം അധിക വിഹിതമായി 02.01.2012ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2012 ത.സ്വ.ഭവ 50,000 രൂപ കൂടി അധിക വിഹിതമായി നൽകിയിരിക്കുന്നു. ആയതിന് ബിൽ നമ്പർ 02/2014-2015 തീയതി 24.07.2014 പ്രകാരം 42,15,008 ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2011-2012 വർഷത്തിൽ ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾക്കായി പദ്ധതി

പണം ട്രഷറിയിൽ നിന്നും പിൻവലിക്കുകയും തുക ബാങ്കിൽ നിക്ഷേപിക്കുകയുമാണ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ഈ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിന് മുൻപാണ് തുക പിൻവലിച്ചിട്ടുള്ളത്. മാത്രമല്ല ചിലർക്ക് പിൻവലിച്ച തുകകളെക്കാൾ കൂടുതലും ചിലർക്ക് കുറച്ചുമാണ് തുക നൽകിയിരിക്കുന്നത്. ഏതാനം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | 2011-2012 വരെ കൈപ്പറ്റിയ തുക | | ട്രഷറിയിൽ നിന്നും അധിക വിഹിതമായി പിൻവലിച്ച തുക | അധിക വിഹിതം പിൻ വലിച്ചതിന് ശേഷം നൽകിയ തുക |
|---|---|---|---|---|---|
| | | ഗഡു | തുക | | |
| 1 | സുധ, മൈലോട് ചരുവിള പുത്തൻ വീട്, അമ്പലം മുക്ക്, ഇളമാട് | 1 | 20,000 (03.06.2011) | 50,000 | നൽകിയിട്ടില്ല. പണി പൂർത്തീകരിച്ചിട്ടില്ല |
| 2 | വിശ്വനാഥൻ, സത്യമംഗലത്ത് വീട്, തേവന്നൂർ | 3 | 85,000 29.09.2011 | 50,000 | 656530/21.01.16 66,000/- പണി പൂർത്തിയാക്കി |
| 3 | ഷീലാ രാജൻ ചരുവിള വീട് ഇടയന്നൂർ, നെട്ടയം | 3 | 85,000 26.11.2011 | 50,000 | 568220/02.04.2016 52273/- |
| | | | | | 656861/02.04.2014 37727/- രൂപ |
| 5. | രമ, തടപ്പറമ്പിൽ ചരുവിള പുത്തൻവീട്, വാളിയോട് | 2 | 45,000 | 50000 | തുകയൊന്നും നൽകിയിട്ടില്ല |
| 6. | ശോഭന, ഓണവേലിൽ മേലതിൽ വീട് | 3 | 85000 | 50000 | തുകയൊന്നും നൽകിയിട്ടില്ല |
| 7. | ദേവകി, പതന്തടി മേലതിൽ, ചരുവിള വീട് | 2 | 45000 | 50000 | തുകയൊന്നും നൽകിയിട്ടില്ല |
| 8. | ശ്രീലത, മുരളീ ഭവൻ, പാറംകോട്, ഉമ്മന്നൂർ | 1 | 20000 | 50000 | തുകയൊന്നും നൽകിയിട്ടില്ല |

മേൽ ബില്ല് പ്രകാരം 85 പേർക്കാണ് തുക മാറിയത് എന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും 50 പേരുടെ ലിസ്റ്റ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. മാത്രമല്ല ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റേയോ അവർ തുക കൈപ്പറ്റിയതിന്റെ രസീതോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററിൽ തുക നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

1. 2012-2013 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി

ഗുണഭോക്താക്കളുടെ പേരിൽ പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. ബിൽ നമ്പർ 01/2014-2015 തീയതി 24.07.2014 പ്രകാരം 10,00,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് അനുസരിച്ച് യഥാർത്ഥ വിനിയോഗ ആവശ്യത്തിനനുസരിച്ചേ ട്രഷറിയിൽ നിന്നും തുക പിൻവലിക്കാൻ അനുവാദമുള്ളൂ. ആയതിന് വിരുദ്ധമായി തുക പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നു. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | നൽകിയ തുക |
|---|---|---|---|
| 1 | പാറുക്കുട്ടി,<br>ശിഖ ഭവൻ,<br>തേവന്നൂർ | 40,000 | 20000<br>652774/03.09.2014 |
| 2 | പൊടിച്ചി,<br>പുതുവൽ വീട്,<br>കുണ്ടൂർ, ഇളമാട് | 40,000 | 70000<br>657520/29.12.2015 |
| 3 | പൊടിച്ചി,<br>ഈക്കും കോട് വീട്,<br>മേങ്ങൂർ,<br>ഇളമാട് | 50,000 | തുകയൊന്നും നൽകിയിട്ടില്ല.<br>656861/02.04.2014<br>37727/- രൂപ |
| 5. | തങ്കമ്മ,<br>അനിൽ വിലാസം,<br>അമ്പലം മുക്ക്,<br>ഇളമാട് | 40000 | എസ്.സി ഡിപ്പാർട്ട്മെന്റിൽ നിന്നും കക്കൂസിന് ധന സഹായം ലഭിച്ചതിനാൽ തുക നൽകിയിട്ടില്ല. പക്ഷേ ഇതിനായി പിൻവലിച്ച തുക എന്തു ചെയ്തു എന്ന് പരാമർശിച്ചിട്ടില്ല. |

മേൽ ബില്ല് പ്രകാരം 25 പേർക്കാണ് തുക മാറിയത് എന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട് കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ഹാദരാക്കിയിട്ടില്ല. രജിസ്റ്ററിൽ മേൽ ഗുണഭോക്താക്കൾക്ക് തുക നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകതകൾ 12.04.2006 ലെ സർക്കാർ ഉത്തരവ് (പി)77/2006ന്റെ ഗുരുതരമായ ലംഘനമാണ്. മേൽ അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/2015-16 തീയതി 27.02.2016ന് വിശദീകരണം നൽകുകയോ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2014-2015 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയം ഖണ്ഡിക നമ്പർ 3 (6) ആയി പരാമർശിച്ചിട്ടുണ്ടെങ്കിലും ആയതിനും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സമയ പരിമിതിക്കുള്ളിൽ പൂർണ്ണമായ പരിശോധന നടത്താൻ സാധിക്കാത്തതിനാൽ 2011-2012 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഐ.എ.വൈ

പദ്ധതിയിൽ വിവിധ ഗുണഭോക്താക്കളുടെ പേരിൽ പിൻവലിച്ചിരിക്കുന്ന തുകയുടെയും അത് നൽകിയതിന്റെയും രേഖകൾ വകുപ്പ് തല അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് ശിപാർശ നൽകുന്നു.

## 3-2 ഐ.കെ.എം-ൽ അധികമായി തുക ഒടുക്കുവരുത്തി

പ്രോജക്ട് നം-256/16 പ്രകാരം ഐ.കെ.എം-ൽ വിഹിതം ഒടുക്ക് വരുത്തുന്നതിനായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 121243/- രൂപ പിൻവലിച്ച് (ബിൽ നം 32/15-16/31-03-16) ഡി.ഡി നം 828833/02-04-16 ആയി എ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.സർക്കാർ ഉത്തരവ് (ആർ.ടി) നം1228/2016 /എൽ.എസ്.ജി.ഡി-തീയതി 08-03-16 പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻഫണ്ടിന്റെ 0.25% ഐ.കെ.എം വിഹിതമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.പഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ട് 4,36,73,549/-രൂപയാണ്.ടി തുകയുടെ 0.25% 109184/-രൂപയാണ്.എന്നാൽ പഞ്ചായത്തിൽ നിന്നും 12059/-രൂപ അധികമായി ഒടുക്കിയിരിക്കുന്നു.അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കുകയോ വരുംവർഷങ്ങളിലെ വിഹിതത്തിൽ ക്രമീകരിക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വിനിയോഗവിശദാംശങ്ങൾ ഇല്ല

2014-15&2015-16 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന സംയുക്ത പദ്ധതികളുടെ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| വർഷം | പദ്ധതി നം-<br>പദ്ധതിയുടെ പേര് | ചെലവഴിച്ച തുക-<br>ഫണ്ടിനം-ബിൽ നം-തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 2014-15 | പ്രോ.നം-83/14-15<br>ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും -ബ്ലോക്ക് വിഹിതം | 299500/-വികസനഫണ്ട് (ജനറൽ)<br>-(ബിൽ നം-32/14-15 /30-03-15-1,25,000/-,<br>36/14-15/30-03-15-24500 /-,15/14-15 /29-12-14-1,50,000/-) | 1.ചിതറ ഗ്രാമ പഞ്ചായത്ത് (125000/-)<br>2.നിലമേൽ ഗ്രാമ പഞ്ചായത്ത് (24500/-)<br>3.വെളിനെല്ലൂർ ഗ്രാമ പഞ്ചായത്ത് (150000/-) |

| | | | |
|---|---|---|---|
| | | | |
| | പ്രോജ.നം-79/15<br>ഇട്ടിവ ഗ്രാമപഞ്ചായത്ത്-വെളുന്തറ വോളീബോൾ കോർട്ട് | 500000/-വികസനഫണ്ട് (ജനറൽ)<br>ബിൽ നം-14/14-15/29-12-14 | ഇട്ടിവ ഗ്രാമ പഞ്ചായത്ത് |
| | പ്രോജ.നം-6/15<br>ചടയമംഗലം സ്റ്റേഡിയം പുനരുദ്ധാരണം | 500000/-<br>വികസനഫണ്ട് (ജനറൽ)<br>ബിൽ നം-31/14-15/30-03-15 | ചടയമംഗലം ഗ്രാമ പഞ്ചായത്ത് |
| 2015-16 | പ്രോജ.നം-103/16<br>അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും -ബ്ലോക്ക് വിഹിതം | 15,00,000/-<br>വികസനഫണ്ട് (ജനറൽ)<br>ബിൽ നം-13/15-16 /25-01-16-500000/-,22/15-16 /19-03-16-10,00,000/- | ഇട്ടിവ ഗ്രാമപഞ്ചായത്ത്-500000/-<br>വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്-<br>1000000/- |
| | പ്രോജ. നം-92/15-16<br>ജീവനം-ജില്ലാസംയോജിത പ്രോജക്ടുകൾക്ക് തുക നൽകൽ | 700000/-<br>വികസനഫണ്ട് (ജനറൽ)<br>ബിൽ നം-14/15-16/11-02-16 | ജില്ലാ പഞ്ചായത്ത് |

| | | |
|---|---|---|
| | | |
| പ്രോജ.നം-5/16<br>വികലാംഗർക്ക് സ്കോളർഷിപ്പ് വിഹിതം | 390200/-<br>വികസനഫണ്ട് (ജനറൽ)ബിൽ നം-21/15-16/11-03-16-265900 /-,23/15-16 /19-03-16-124000/- | 1.ചിതറ ഗ്രാമ പഞ്ചായത്ത്-124950/-<br>2.നിലമേൽ ഗ്രാമ പഞ്ചായത്ത്-40950/-<br>3.കടയ്ക്കൽ ഗ്രാമ പഞ്ചായത്ത്-<br>50000/-<br>4.ചടയമംഗലം ഗ്രാമ പഞ്ചായത്ത്-50000/-<br>5.വെളിനെല്ലൂർ ഗ്രാമ പഞ്ചായത്ത്-124300/- |
| പ്രോജ.നം-80/15-16<br>മുകളുിള-കോക്കാട് റോഡ്-സംയുക്തം | 500000/-<br>വികസനഫണ്ട് (ജനറൽ)<br>ബിൽ നം-24/15-16/19-03-16 | വെളിനെല്ലൂർ ഗ്രാമ പഞ്ചായത്ത് |

| | |
|---|---|
| ആകെ | 4389700/- |

2014-15 സാമ്പത്തിക വർഷത്തിൽ 1299500/-രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 3090200/- രൂപയും സംയുക്ത പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.ചെലവ് രേഖകളോടൊപ്പം സംയുക്ത പദ്ധതിക്കായി തുക കൈപ്പറ്റിയ സ്ഥാപനങ്ങളുടെ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചതിന്റേയും നൽകിയ തുകകളുടെ വിനിയോഗവിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ (ഓഡിറ്റ് എൻക്വയറി നം-2/17-02-17,നം-3/20-02-17)ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പദ്ധതികൾക്കായി 2014-15&2015-16 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച 4389700/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.</u>

ഇ -ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. 2014-15സാമ്പത്തിക വർഷത്തിൽ 31 എണ്ണവും 2015-16 സാമ്പത്തിക വർഷത്തിൽ 63 എണ്ണവും മരാമത്ത് പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്.എന്നാൽ ഇ-ടെണ്ടർ ഫോറവിലയിനത്തിൽ നാളിതുവരെ വരവൊന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല.

ടെണ്ടർ ഫാറവില, വാറ്റ്, എന്നീ ഇനങ്ങളിലായി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരിക്കുന്ന തുക ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിലെയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇതിൽ വാറ്റ് ഇനത്തിൽ വരവുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 3-5 <u>നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

1.തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പൊതുവിദ്യാഭ്യാസ വകുപ്പും സാക്ഷരതാമിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കിയ അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയ അതുല്യം പദ്ധതിയിൽ നിന്നും (പ്രോജക്ട് നം-3/15-16-വികസനഫണ്ട് -ജനറൽ) 600 പാഠപുസ്തകങ്ങളുടെ വിലയായി 30000/-രൂപയും (ഡി.ഡി.നം-563136/01-01-16) പത്താം തരം തുല്യത പരിക്ഷയ്ക്ക് പഠിക്കുന്ന 75 പഠിതാക്കൾക്കായി 1500/-രൂപ നിരക്കിൽ 112500/-(ഡി.ഡി.നം 563135/01-01-16)രൂപയും ഉൾപ്പെടെ ആകെ 142500/-രൂപ ബിൽ നം 11/15-16/31-12-15 പ്രകാരം പിൻവലിച്ച് കേരള സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.എന്നാൽ

കോഴ്സിൽ പങ്കെടുത്ത പഠിതാക്കൾക്ക് പുസ്തകങ്ങൾ വിതരണം നടത്തിയതിന്റേയും പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റേയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ട് നം-72/15-16 -കമ്പ്യൂട്ടറൈസേഷൻ പുതുക്കൽ

ഈ പദ്ധതി പ്രകാരം വികസനഫണ്ടിൽ (ജനറൽ) നിന്നും 249120/-രൂപ ബിൽ നം 15/15-16/11-02-16 പ്രകാരം പിൻവലിച്ച് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 5 |
| യു.പി.എസ്സ് | 2 |
| ലേസർജെറ്റ് പ്രിന്റർ | 3 |
| സ്കാനർ | 3 |
| LED മോണിട്ടർ | 2 |

ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14/27-02-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഉപകരണങ്ങളുടെ വാങ്ങലിനായി ചെലവഴിച്ച 249120/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-6 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ തുക മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ പിൻവലിച്ചിരിക്കുന്നു.

2014-15,2015-16 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ നിർവ്വഹണം ക്രമപ്രകാരമല്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 74/15-നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭരണച്ചെലവുകൾ എന്ന പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 2523350/-രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം-6/16-നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസ് ചെലവുകൾ എന്ന പദ്ധതിക്കായി 2425728/- രൂപയും മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ

നിന്നും ചെലവഴിച്ചിട്ടുണ്ട്.എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പദ്ധതികളുടെ ചെലവ് തുകകൾ പിൻവലിച്ചിരിക്കുന്നത് സെക്രട്ടറിയുടെ ട്രഷറി ബിൽബുക്കിലൂടെയല്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കുള്ള തുക അതാത് നിർവ്വഹണഉദ്യോഗസ്ഥരുടെ ബിൽബുക്ക് പ്രകാരമാണ് പിൻവലിച്ചിരിക്കുന്നത്.

ജി.ഒ.(പി)177/2006/ ഫിൻ-12-04-2006 ഖണ്ഡിക 7-3പ്രകാരം സ്ഥാപനത്തിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിനോട് നിശ്ചിത മാതൃകയിൽ(അനുബന്ധം സി 11) ഫണ്ടിനായി അപേക്ഷിക്കുകയും പ്രസിഡന്റിന്റെ അധികാരപത്രത്തോടൊപ്പം സെക്രട്ടറി അലോട്ട്മെന്റ് നൽകിയിരിക്കുകയുമാണ് ചെയ്യിരിക്കുന്നത്.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പണം പിൻവലിക്കാൻ അനുവദനീയമല്ലാത്ത പദ്ധതി പ്രകാരം ടി ഉദ്യോഗസ്ഥരുടെ ട്രഷറി ബിൽബുക്കിലൂടെ തുക പിൻവലിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്.ധന ഇടപാടുകൾ സുതാര്യമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-7 വിവിധ മരുന്നു വാങ്ങൽ പദ്ധതികൾ; തുക നൽകി ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

കടയ്ക്കൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-2016 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ മരുന്ന വാങ്ങൽ പദ്ധതികളിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

1. സാന്ത്വന പരിചരണം

| | |
|---|---|
| പദ്ധതി നമ്പർ | എസ്.0011/2016 |
| ബിൽ നമ്പർ | സി.ബി.9/2015-2016/ തീയതി 20/02.2016 |
| തുക | 5,45,405 രൂപ |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 5,45,405 രൂപ ഡി.ഡി.നമ്പർ 829494 തീയതി 03.03.2016 പ്രകാരം നൽകിയിട്ടുണ്ടെങ്കിലും 3,76,945 രൂപയുടെ മരുന്നുകൾ തുക നൽകി ഒരുവർഷമാകാറായിട്ടും ലഭ്യമായിട്ടില്ല.

2. താലൂക്ക് ആശുപത്രിക്ക് മരുന്നുവാങ്ങൽ

| | |
|---|---|
| പദ്ധതി നമ്പർ | എസ്.0013/2016 |
| ബിൽ നമ്പർ | സി.ബി.03/2015-2016, തീയതി 21/08/2015 |
| തുക | 4,00,000രൂപ |

2015-2016വർഷം നടപ്പിലാക്കിയ താലൂക്ക് ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ 4,00,000/- രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും 2,58,899/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് പ്രൊഫോർമ ഇൻവോയിസ് നം/തീയതി | ലഭ്യമായ മരുന്നുകളുടെ വിലവിവരങ്ങൾ | |
|---|---|---|
| | ഇൻവോയിസ് നം. തീയതി | വില |
| PRF 349/07.07.2015 | 3661/12.01.2016 | 44,538 |
| | 4776/02.03.2016 | 17,516 |
| | 1941/17.10.2015 | 43,208 |
| | 3202/18.12.2015 | 11,866 |
| | 1716/30.09.2015 | 1,41,771 |
| ആകെ | | 2,58,899 |

തുക നൽകി ഒരുവർഷം കഴിഞ്ഞിട്ടും 1,41,101 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/27.02.2017 ന് ലഭ്യമാക്കിയ മറുപടി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അടിയന്തിര സന്ദേശം നൽകിയിട്ടുണ്ട് എന്നാണ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ ഒടുക്കിയതിൽ മരുന്ന് ലഭിക്കാൻ ശേഷിക്കുന്ന 5,18,066- രൂപയുടെ ചെലവ് (3,76,945 + 1,14,101) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 <u>ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.</u>

2014-2015 സാമ്പത്തിക വർഷത്തിൽ വെളിനല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ കണ്ടിജന്റ് ചെലവുകൾക്കായി ബിൽ നമ്പർ സി.ബി.3/2014-2015 തീയതി 31.03.2015 പ്രകാരരം 23,678/-രൂപ ചടയമംഗലം സബ് ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്നു . ആയത് എച്ച്.എം.സി. അക്കൗണ്ടിലേക്ക് (A/c No 57019928049) മാറ്റിയതായി 31.03.2015 ലെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ചെലവിന് ആധികാരികമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ

ചെലവഴിച്ചിരിക്കുന്ന തുക തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി തുക ചെലവഴിച്ചിരിക്കുന്നു; ചെലവ് തുക തടസ്സപ്പെടുത്തുന്നു

2014-2015, സാമ്പത്തിക വർഷത്തിൽ പട്ടികജാതി പദ്ധതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ, 2014-2015 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പട്ടികജാതി യുവാക്കൾക്ക് ആട്ടോറിക്ഷ, 2014-2015, 2015-2016വർഷത്തിൽ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, എന്നീ പദ്ധതികളിലാണ് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി തുക ചെലവഴിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ

| | |
|---|---|
| പദ്ധതി നമ്പർ | എസ്.0055/2015 (എസ്.സി.പി) |
| ബിൽ നമ്പർ | 04/2014-2015 തീയതി 31.03.2015 |
| തുക | 2,56,000/- |
| ഫണ്ട് | വികസന ഫണ്ട് |

ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2013 തീയതി 16.11.2013 പ്രകാരം സ്കൂളിൽ പഠിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാത്ഥികൾക്കാണ് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകിയിട്ടില്ല.
2. പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി കോളജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.
3. ഗ്രാമ പഞ്ചായത്തുകൾക്ക് പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കളില്ല.
4. പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പത്ര പരസ്യം വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആയത് ഗ്രാമ പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

ബി) പട്ടികജാതി യുവാക്കൾക്ക് ആട്ടോറിക്ഷ

| | |
|---|---|
| പദ്ധതി നമ്പർ | എസ്.0099/2015 (എസ്.സി.പി) |
| ബിൽ നമ്പർ | 06/2014-2015 തീയതി 31.03.2015 |
| തുക | 50000/- |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |

ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2013 തീയതി 16.11.2013 പ്രകാരം വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടില്ല.
2. മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ശ്രീ.രതീഷ്, നെല്ലിക്കുന്നിൽ വീട്, മൂതയിൽ എന്ന വ്യക്തിക്ക് (ഡി.ഡി.നമ്പർ 596256/07.04.2015 ഇന്ത്യൻ ബാങ്ക്, ചടയമംഗലം) 50,000/- രൂപ വ്യക്തിഗത ആനുകൂല്യം നൽകിയിരിക്കുന്നു

സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.

2014-2015

| | |
|---|---|
| പദ്ധതി നമ്പർ | എസ്.0085/2015 (എസ്.സി.പി) |
| ബിൽ നമ്പർ | 05/2014-2015 തീയതി 31.03.2015 |
| തുക | 4,60,880 രൂപ |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |

2015-2016

| | |
|---|---|
| പദ്ധതി നമ്പർ | എസ്.0086/2016(എസ്.സി.പി) |
| ബിൽ നമ്പർ | 05/2015-2016 തീയതി 28.03.2016 |
| തുക | 1,42,500/25.04.2016 |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |

ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2013 തീയതി 16.11.2013 പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടില്ല.

2. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ സ.ഉ.(സാധാ)നം 787/2015/തസ്വഭവ തിരുവനന്തപുരം, തീയതി 18.03.2015 പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാത്രമാണ് സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിററി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് പത്രപരസ്യം വഴിയാണ് ആയത് ഗ്രാമ പഞ്ചായത്തിലേക്ക് അംഗീകാരത്തിനായി അയച്ചുകൊടുത്തിരിക്കുന്നു.
4. 2014-2015 സാമ്പത്തിക വർഷത്തിൽ 14 ലാപ്ടോപ്പുകൾ വാങ്ങിയിരുന്നുവെങ്കിലും 9 എണ്ണം മാത്രമാണ് വേണ്ടത്ര ഗുണഭോക്താക്കളില്ലാത്തതിനാൽ നൽകിയത്.

2014-2015 സാമ്പത്തിക വർഷത്തിൽ വീണ്ടും ഗുണഭോക്താക്കളെ പത്ര പരസ്യം വഴി തെരഞ്ഞെടുത്തു എന്ന് പറയുന്നെങ്കിലും ആയതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽവിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/21.02.2016, 10/21.02.2016, 14/27.02.2016 കൾക്ക് ലഭിച്ച മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിലുള്ള യുവതീയുവാക്കളുടെ (വിദ്യാർത്ഥികൾക്ക്) മാനസികമായ വളർച്ചയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടും കൂടി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.
2. പദ്ധതി നടപ്പിലാക്കുന്നതിന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ കൊല്ലത്തിന്റെ 12.03.2015ലെ 19/ഡി.പി.എ 01/2015 ഡി.പി.എ.ഡബ്ല്യു പ്രകാരം ഫർണ്ണീച്ചർ, ലാപ്ടോപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

 പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി തീരുമാനമെടുത്ത ബ്ലോക്ക് കമ്മിറ്റിയുടെ തീരുമാനവും സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയ കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ തീരുമാനവും അംഗീകരിക്കാൻ കഴിയില്ല. കൂടാതെ ഈ പദ്ധതിക്ക് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല. ലാപ്ടോപ്പ് വിതരണത്തിൽ 2014-2015 സാമ്പത്തിക വർഷത്തിൽ അനുവാദം ലഭിക്കാതിരുന്നിട്ടും 2015-2016 സാമ്പത്തിക വർഷത്തിൽ ആനുകൂല്യം നൽകിയിരിക്കുന്നു. ആയതിനാൽ മേൽ പദ്ധതിക്കായി ചെലവഴിച്ച തുക യഥാക്രമം 2,56,000 രൂപ (പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ) 50,000 രൂപ (പട്ടികജാതി യുവാക്കൾക്ക് ആട്ടോറിക്ഷ) 4,60,880 രൂപ (2014-2015), 1,42,500 രൂപ (2015-2016) (പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്) ഇനങ്ങളിലെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-10** <u>പോസ്റ്റേജ് സ്റ്റാമ്പിനായി ചെലവഴിച്ച് **-5000/-**രൂപ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

2014-15 വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ വൗച്ചർ നം. 21400047/2-05-14 പ്രകാരം 5000/- രൂപ (ചെക്ക് നം. 2910444/2-5-14) ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിച്ച് പോസ്റ്റേജ് സ്റ്റാമ്പിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ 5000/- രൂപയുടെ സ്റ്റാമ്പ് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റി എൻക്വയറി നം. 4/ 20-2-17 നൽകിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 5000/- രൂപയുടെ നഷ്ടം വന്നതായി കണക്കാക്കുന്നു. ടി നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**3-11** <u>പൈപ്പ് ലൈൻ എസ്റ്റൻഷന് എസ്റ്റിമേറ്റ് തുകയേക്കാൾ അധികം തുക നൽകി</u>

ഐ. സി.ഡി എസ് ഓഫിസിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പൈപ്പ് ലൈൻ എസ്റ്റൻഷന് വേണ്ടി 4743/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി (2743/- രൂപ എസ്റ്റിമേറ്റ് + 2000/- രൂപ കൂലി) വർക്ക് ചെയ്യുകയുണ്ടായി . ടി വർക്ക് ചെയ്തതിന് വൗച്ചർ നം. 21401086/18-03-15 അനുസരിച്ച് കരാറുകാരന് 5733/- രൂപ ചെക്ക് നം. 2910648/18-3-15 പ്രകാരം നൽകിയിട്ടുണ്ട്. അധികമായി 990/- രൂപ കരാറുകാരന് നൽകിയിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/20-2-17 ന് മറുപടി നൽകിയിട്ടില്ല.

അധികമായി കരാറുകാരന് നൽകിയ 990/- രൂപ നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്നോ അധികം തുക നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3-12** <u>വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പദ്ധതി നിർവ്വഹണം പൂർത്തിയായില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിലേയ്ക്കായി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയിലാണ്, തുക ഡെപ്പോസിറ്റ് ചെയ്ത് ഒരു വർഷം പൂർത്തീകരിച്ചിട്ടും പദ്ധതി നിർവ്വഹണം പൂർത്തിയാക്കാത്തത്

2015-2016 സാമ്പത്തിക വർഷത്തിൽ പദ്ധതി നമ്പർ-89/2015-2016 വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയിലേയ്ക്കായി വികസന ഫണ്ടിൽ നിന്ന് 10,00,000/- രൂപയും മറ്റുള്ളവയിൽ നിന്ന് 77,000/-രൂപയും ചേർത്ത് 10,77,000/- രൂപ അടങ്കൽ പ്രകാരം പദ്ധതി തീരുമാനിച്ചു. പദ്ധതി നർവ്വഹണവുമായി ബന്ധപ്പെട്ട സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 10,00,000/- രൂപ ചെലവായിട്ടുണ്ട്. (ബിൽ നമ്പർ സി.ബി. നം-01/2015 തീയതി 28.10.2015) കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കായാണ് പദ്ധതി നിർവ്വഹണം. എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ ഡെപ്പോസിറ്റ് വർക്കിനായി കേരള ജല അതോറിറ്റിയിൽ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന് ഡി.ഡി.നമ്പർ 548184,548185 തീയതി 28.12.2015 ഐ.ഒ.ബി. കരിങ്ങന്നൂർ പ്രകാരം 10,77,000/- രൂപ അടച്ചിട്ടുണ്ട്. (കേരള ജല അതോറിറ്റി രസീതി നമ്പർ 14060, 14059തീയതി 01.01.2016, 14064 തീയതി 20.01.2016) ആയതിൽ 77,000/- രൂപ എച്ച്.എം.സി. ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/21.02.2017 ന് ലഭിച്ച മറുപടിയിൽ പദ്ധതി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.
പദ്ധതി നർവ്വഹണം പൂർത്തിയാകാത്തതിനാൽ ഈ ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുക തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. തുക തടസ്സപ്പെടുത്തുന്നു.

2015-2016 സാമ്പത്തിക വർഷത്തിൽ പദ്ധതി നമ്പർ-101/2015-2016 വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ ബിൽ നമ്പർ സി.ബി. നം-05/2015 രസീതി 22.03.2016 പ്രകാരം കെ.എം.സി.എല്ലിനു നൽകിയിട്ടുണ്ട്. (ഡി.ഡി.നമ്പർ 580333,580334,580335,580336,580337 തീയതി 23.03.2016 ഐ.ഒ.ബി. കരിങ്ങന്നൂർ.) ഇതിൽ 13789 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയത്തിന് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/21.02.2017 ന് ലഭ്യമായ മറുപടിയ്ക്ക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട് എന്നും മരുന്ന് ഉടൻ ലഭ്യമാക്കാമെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട് എന്നുമാണ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ ഒടുക്കിയതിൽ മരുന്ന് ലഭിക്കാൻ ശേഷിക്കുന്ന 13789രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെയുത്തുന്നു. പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു.

റോഡ് കോൺക്രീറ്റിംഗിന് 1:2:4സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തികൾക്ക് DSR 2014 കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം കോഡ് 11.7പ്രകാരം ഫ്ലോറിംഗ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള നിരക്ക് അനുവദിച്ച് നൽകി.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് CPWD ഡാറ്റയും സ്പെസിഫിക്കേഷനുകളും സ്വീകരിക്കുകയും DSR2014 നൊപ്പം ചേർക്കേണ്ട കോസ്റ്റ് ഇൻഡക്സ് 15.12.14ലെ സർക്കുലർ നം. CE/Admin/PLA/1014/15 പ്രകാരം PWD പ്രസിദ്ധീകരിക്കുകയും ചെയ്തതിനെ തുടർന്ന് LSGDചീഫ്എൻജിനീയറുടെ 09.02.15ലെ DB3/6512/13/CE/LSGDസർക്കുലർ പ്രകാരം 01.01.15 പ്രാബല്യത്തിൽ പ്രസ്തുത നിരക്കുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. ആയത് പ്രകാരം DSR2014

പ്രകാരമുള്ള അടിസ്ഥാന നിരക്കിനൊപ്പം 41.9%(1.419) കോസ്റ്റ് ഇൻഡക്സ് കൂടി ചേർത്താണ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നേടുകയും ചെയ്യുന്നത്.01-08-2015-മുതൽ സാങ്കേതികാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് അടിസ്ഥാന നിരക്കിനൊപ്പം 47.62% (1.4762) കോസ്റ്റ് ഇൻഡക്സ് ചേർത്താണ് നിരക്ക് കണക്കാക്കേണ്ടത്.

1:2:4സ്പെസിഫിക്കേഷനിലുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR2014 കോഡ് 4.1.3 പ്രകാരം കരാറുകാർക്ക് അനുവദിക്കാവുന്ന (Providing and laying in position cement concrete of specified grade excluding the cost of centering and shuttering - All work up to plinth level - 1:2:4 - 1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size) അടിസ്ഥാന നിരക്കിനൊപ്പം (5466.30/ക്യൂ.മീ.) 01.01.15മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് (1.419)കൂടി ചേർത്ത് നൽകാവുന്ന നിരക്ക് 7756.68/ക്യൂ.മീയും 01-08-2015മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് (1.4762) കൂടി ചേർത്ത് നൽകാവുന്ന നിരക്ക് 8069.35/ക്യൂ.മീ ആണ്.എന്നാൽ DSR2014 കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം കോഡ് 11.7പ്രകാരം ഫ്ലോറിംഗ് പ്രവൃത്തികൾക്ക് [Cement concrete pavement with 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size), including finishing complete] അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്കിനൊപ്പം (5759.20/ക്യൂ.മീ.) 01.01.15മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് (1.419)കൂടി ചേർത്ത് നൽകാവുന്ന നിരക്ക് 8172.30/ക്യൂ.മീ.ഉം 01-08-2015മുതൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾക്ക് പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് (1.4762) കൂടി ചേർത്ത് നൽകാവുന്ന നിരക്ക് 8501.73/ക്യൂ.മീ അനുവദിച്ച് നൽകി.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥയായ വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്ട് വിവരം (പ്രോ.നം., പേര്, അടങ്കൽ തുക, കരാറുകാരൻ, എഗ്രിമെന്റ് നം എം.ബുക്ക് നം. ബിൽനം.,തുക) | C.C 1:2:4 അളവ് (m3) | അനുവദിച്ച തുക | അനുവദനീയ തുക | അധികം കണക്കാക്കിയ തുക (ടെണ്ടർ കുറവ് കഴിച്ചുള്ള തുക) |
|---|---|---|---|---|---|
| 1 | SO-99/16 ഓലിക്കാവ് കൊച്ച് കുന്നം പുറം-റോഡിന് പാർശ്വഭിത്തി നിർമ്മാണം കോൺക്രീറ്റിംഗും- | 9.6 | 78454.08 (@8172.3/ m3) | 74464.12 (@7756.68/ m3) | 3471 (3990-519) |

| | | | | | |
|---|---|---|---|---|---|
| | 500000/-<br>ശ്രീ-അനിൽകുമാർ/<br>13//15-16/03-08-15/<br>എം-ബുക്ക് നം-26/15-16<br>/-ടെണ്ടർ കുറവ്-13%<br>ബിൽ നം-25/15-16/<br>25-09-15 | | | | |
| 2 | SO38/2016<br>പുള്ളിപ്പച്ച -തെക്ക്മല<br>റോഡ് കോൺക്രീറ്റിംഗ്<br>1000000/-<br>ശ്രീമതി-പ്രസന്നകുമാരി<br>ടെണ്ടർ കുറവ്-25%/<br>17/15-16/04-08-15/<br>എം-ബുക്ക് നം-30/15-16<br>ബിൽ നം-55/15-16/<br>13-01-16 | 45.75 | 373882.72<br>(@8172.3/ m3) | 354868.11<br>(@7756.68/<br>m3) | 14261<br>(19014.61<br>-4754) |
| 3 | പ്രോ.നം-34/16<br>ആലംകോട്ട് കോണം-<br>മണലയം റോഡ്<br>കോൺക്രീറ്റിംഗ്<br>500000/-<br>ശ്രീമതി.ശാന്തി.ആർ<br>ടെണ്ടർ കുറവ്-25%/<br>16//15-16/04-08-15/<br>എം-ബുക്ക് നം-29/15-16<br>ബിൽ നം59/15-16/<br>30-01-16 | 23.93 | 195563.13<br>(@8172.3/ m3) | 185617.35<br>(@7756.68/<br>m3) | 7459.34<br>(9945.78-<br>2486.44) |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | പ്രോജ.നം-23/16<br>കാഞ്ഞിരംവിള-ജില്ലാ അഗ്രിക്കൾച്ചർ ഫാം റോഡ് -കോൺക്രീറ്റിംഗ്-ഇട്ടിവ-<br>500000/-/<br>ശ്രീ.സുരേന്ദ്രൻ പിള്ള/ ടെണ്ടർ കുറവ്-25%<br>/08//15-16/25-05-15 എം-ബുക്ക് നം-21/15-16/ ബിൽ നം-29/15-16/ 30-09-15) | 22.95 | 187554.28<br>(@8172.3/ m3) | 178015.8<br>(@7756.68/ m3) | 7153.86<br>(9538.485-2384.62) |
| 5 | പ്രോ.നം-24/15-16<br>പള്ളിക്കുന്ന് മണലുവട്ടം റോഡ് കോൺക്രീറ്റിംഗ്<br>800000/-<br>ശ്രീ.സുരേന്ദ്രൻ പിള്ള, ടെണ്ടർ കുറവ്-25%/ 15//15-16/03-08-15/ എം-ബുക്ക് നം-28/15-16/ ബിൽ നം-30/15-16/ 30-09-15 | 37.05 | 302783.715<br>(@8172.3/ m3) | 287384.994<br>(@7756.68/ m3) | 11549.041<br>(15398.721-3849.680) |
| 6 | SO-26/16<br>മാർക്കറ്റ് വേസ്റ്റ്-ഡിസ്പോസിബിൾ പ്ലാന്റ്-ഗോവിന്ദയമംഗലം റോഡ് /500000/- ശ്രീ.എം.സലാഹുദ്ദീൻ<br>ടെണ്ടർ കുറവ്-17.3%/ | 19.62 | 160340.52<br>(@8172.3/ m3) | 152186.06<br>(@7756.68/ m3) | 6743.74<br>(8154.46-1410.72) |

| | | | | | |
|---|---|---|---|---|---|
| | 14//15-16/03-08-15/<br>എം-ബുക്ക് നം-27/15-16<br>/ബിൽ നം-32/15-16/13-10-15-109922/-,<br>34/15-16/28-10-15-<br>293337/- | | | | |
| 7 | SO 39/15-16<br>പെരുംപുറം മൺകോട്<br>റോഡ് കോൺക്രീറ്റിംഗ്/-<br>ശ്രീ.എം.ഷറഫുദ്ദീൻ<br>500000/-<br>106//15-16/03-08-15/<br>ടെണ്ടർ കുറവ്-2.2%/<br>എം-ബുക്ക് നം-25/15-16/<br>/24/15-16/18-09-15 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/ m3) | 9755.24<br>(9974.68-219.44) |
| 8 | SO 27/16<br>ശാന്തിനികേതൻ-<br>ചാരേയം റോഡ്<br>കോൺക്രീറ്റിംഗ്-ശ്രീ.എം.സലാഹുദ്ദീൻ<br>-500000/-<br>02//15-16/23-07-15<br>ടെണ്ടർ കുറവ് -25%/<br>എം.ബുക്ക്നം-17/15-16/<br>20/15-16/18-09-15 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/ m3) | 7481.01<br>(9974.68-2493.67) |
| 9 | SO31/16<br>കോട്ടുക്കൽ .യു.പി.എസ്-<br>കണ്ണങ്കര ലക്ഷം<br>വീട് കോളനി-<br>ശ്രീ.രാജീവ്-500000/-<br>ടെണ്ടർ കുറവ് -25%/ | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/ m3) | 7481.01<br>(9974.68-2493.67) |

| | | | | | |
|---|---|---|---|---|---|
| | 19//15-16/07-08-15<br>എം-ബുക്ക് നം-32/15-16<br>Bill no-44/15-16/<br>9-02-16 | | | | |
| 10 | SO18/16<br>വേക്കൽഇടപ്പള്ളി വലിയ വഴി റോഡ് കോൺക്രീറ്റിംഗ്<br>ശ്രീ.എ.സലാഹുദ്ദീൻ-<br>1000000/-<br>ടെണ്ടർ കുറവ് 25%<br>09/15-16/23-07-15/<br>എം-ബുക്ക് നം-14/15-16<br>Bill No-18/15-16/<br>31-08-15 | 46.73 | 381891.579<br>(@8172.3/ m3) | 362469.656<br>(@7756.68/ m3) | 14566.44<br>(19421.923-4855.481) |
| 11 | SO 37/16<br>കൊടിഞ്ഞം ട്രാൻസ്ഫോർമർ ഇരപ്പിൽ റോഡ് കോൺക്രീറ്റിംഗ്<br>ശ്രീമതി.പ്രസന്നകുമാരി/<br>500000/-<br>ടെണ്ടർകുറവ്-25%/<br>04/15-16/30-07-15<br>/എം.ബുക്ക് നം-16/15-16/<br>22/15-16/18-09-15 | 23.70 | 193683.51<br>(@8172.3/ m3) | 183833.32<br>(@7756.68/ m3) | 7387.64<br>(9850.19-2462.54) |

| | | | | | |
|---|---|---|---|---|---|
| 12 | SO29/16<br>കൊപ്പം തേവയിൽ റോഡ് കോൺക്രീറ്റിംഗ്<br>ശ്രീമതി.പ്രസന്നകുമാരി -500000/-<br>5/15-16/30-07-15-ടെണ്ടർ കുറവ്-25%<br>എം-ബുക്ക് നം-15/15-16/<br>21/15-16/18-09-15 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/ m3) | 7481.01<br>(9974.68-2493.67) |
| 13 | 109/16<br>കോട്ടക്കൽ-കണ്ണങ്കര ലക്ഷം വീട് കോളനി-<br>ശ്രീ.അനീഷ്.എ.എസ്-<br>500000/-<br>31/15-16/28-09-15-ടെണ്ടർ കുറവ്-20.54%<br>M-B no-47/15-16<br>56/15-16/25-01-16 | 23.06 | 196049.89<br>(@8501.73/m3) | 186079.21<br>(@8069.35/ m3) | 7922.7<br>(9970.68-2047.98) |
| 14 | നാറാംകോട് എസ്.സി കോളനി റോഡ്-എസ്.സി-കോർപ്പസ് ഫണ്ടിൽ നിന്നും നടത്തിയ പ്രവൃത്തി-<br>ശ്രീ-രാജീവ്-<br>1123000/-<br>37/15-16/16-02-16<br>ടെണ്ടർ കുറവ്-25%<br>MB-No-51/15-16<br>Bill No-82/15-16/ 08-03-16 | 38.25 | 325191.11<br>(@8501.73/m3) | 308652.63<br>(@8069.35/ m3) | 12403.86<br>(16538.48-4134.62) |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 15 | 30/16<br>പ്ലാമൂട് -ക്കുവക്കാട് റോഡ് കോൺക്രീറ്റിംഗ്-<br>ശ്രീകെ.എസ്.നിസാമുദ്ദീൻ-<br>600000/-<br>ടെണ്ടർ കുറവ്-25%/<br>10/15-16/03-08-15<br>MB-No-23/15-16/Bill No-45/15-16/21-12-15 | 28.8 | 235362.24<br>(@8172.3/ m3) | 223392.38<br>(@7756.68/<br>m3) | 8977.39<br>(11969.86-<br>2992.47) |
| 16 | 40/16<br>കല്ലട-കരിക്കം-<br>തോഴിയിൽ റോഡ് കോൺക്രീറ്റിംഗ-ശ്രീ-<br>എസ്.സുരേന്ദ്രൻപിള്ള<br>800000/-<br>ടെണ്ടർകുറവ്-25%<br>20/15-16/10-08-15/<br>MB.No-33/15-16<br>Bill No-42/15-16/17-12-15 | 38.43 | 314061.49<br>(@8172.3/ m3) | 298089.21<br>(@7756.68/<br>m3) | 11979.21<br>(15972.28-<br>3993.07) |
| 17 | 25/16<br>സിലോൺ -പെന്തക്കോസ്തൽ പറങ്കിമാംവിള<br>റോഡ് കോൺക്രീറ്റിംഗ്-<br>ശ്രീ-രാജീവ്.കെ<br>500000/-<br>ടെണ്ടർ കുറവ്-25%<br>21/15-16/11-08-15<br>MB-No-34/15-16<br>Bill No-39/15-16/30-11-15 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/<br>m3) | 7481.01<br>(9974.68-<br>2493.67) |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 18 | 94/16<br>ചരിപ്പറമ്പ്-ചെമ്പമൺ ഏലാറോഡ് -<br>ശ്രീമതി.ശാന്തി.ആർ-<br>500000/-<br>ടെണ്ടർ കുറവ്-3.51%/<br>28/15-16/08-09-15/<br>MB No-40/15-16-Bill No-40/15-16/30-11-15 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/<br>m3) | 9624.57<br>(9974.68-<br>350.11) |
| 19 | 35/16<br>ആർക്കന്നൂർ<br>വായനശാല-<br>താമരശ്ശേരി റോഡ് കോൺക്രീറ്റിംഗ്-<br>ശ്രീ.രാജീവ്.കെ-<br>500000/-<br>ടെണ്ടർ കുറവ്-22.1%-<br>25/15-16/13-08-15-<br>MB-No-38/15-16-<br>Bill No-71/15-16/25-02-16 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/<br>m3) | 7770.28<br>(9974.68-<br>2204.4) |
| 20 | 28/16<br>ആയിരവല്ലി ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്-<br>ശ്രീമതി.ശാന്തി.ആർ-<br>500000/-<br>ടെണ്ടർ കുറവ്-25%-<br>18/15-16/4-08-15<br>MB-No-31/15-16 | 24 | 196135<br>(@8172.3/ m3) | 186160.32<br>(@7756.68/<br>m3) | 7481.01<br>(9974.68-<br>2493.67) |

| | | | | | |
|---|---|---|---|---|---|
| | Bill No-36/15-16/30-11-16 | | | | |
| 21 | 106/16<br>കിണറ്റുമുക്ക് മുകഴവിള പാറങ്കോട് റോഡ്-<br>ശ്രീ.ഷിജാദ്.ജെ.എസ്-<br>500000/-<br>ടെണ്ടർ കുറവ്-16.7%<br>30/15-16/28-09-15/<br>MB NO-45/15-16/<br>Bill No-54/15-16/13-01-16 | 23.06 | 196049.89<br>(@8501.73/<br>m3) | 186079.21<br>(@8069.35/<br>m3) | 8305.58<br>(9970.68-<br>1665.1) |
| 22 | 104/16<br>ആറ്റൂർക്കോണം<br>മുകളുവിള ചെറുകുത്താടി റോഡ് -<br>ശ്രീ.ജെ.സുനിൽദത്ത്-<br>500000/-<br>ടെണ്ടർ കുറവ്-18.67%<br>33/15-16/30-09-15<br>MB-No 44/15-16-<br>Bill No-46/15-16/21-02-15 | 23.06 | 196049.89<br>(@8501.73/<br>m3) | 186079.21<br>(@8069.35/<br>m3) | 8109.15<br>(9970.68-<br>1861.53) |
| 23 | 43/16<br>ഞാറക്കാട് കോളനി റോഡ് കോൺക്രീറ്റിംഗ്-<br>ശ്രീ.സലിം.എ-<br>500000/-എസ്റ്റിമേറ്റ് നിരക്ക്<br>29/15-16/20-09-15-<br>MB-No-41/15-16<br>Bill No-73/15-16/29-02-16 | 3.975 | 32484.89<br>(@8172.3/<br>m3) | 30832.80<br>(@7756.68/<br>m3) | 1652 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ആകെ | | | | | 196497 |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.(8/25-02-17) ന് DSR2014 കോഡ് 4.1.3 പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നതിനേക്കാൾ അധികമായി പ്രവൃത്തികൾ ചെയ്യേണ്ടതുള്ള തിനാലാണ് അധികപ്രവൃത്തികൾക്കാവശ്യമായ ലേബർ ചാർജ് കൂടി ഉൾപ്പെട്ടുവരുന്ന 11.7എന്ന സ്പെസിഫിക്കേഷൻ നൽകിയത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. DSR2014 പ്രകാരം കോഡ് 11.7 പ്രകാരമുള്ള നിരക്കുകൾ അനുവദിക്കേണ്ടത് ഫ്ലോറിംഗ് പ്രവൃത്തികൾക്കകയാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ അധികമായി അനുവദിച്ചുനൽകിയ 196497/- രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണയിക്കുന്നു.1:2:4 സ്പെസിഫിക്കേഷനിലുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR2014 കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം കോഡ് 11.7 പ്രകാരം ഫ്ലോറിംഗ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള നിരക്ക് അനുവദിച്ച് നൽകിയതിന്മേൽ ക്ഷമതയുള്ള അധികാരകേന്ദ്രത്തിൽ നിന്ന് അംഗീകാരം നേടുകയോ അധികമായി അനുവദിച്ചുനൽകിയ തുക തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

**3-15** <u>വെളിനല്ലൂർ പാലിയേറ്റീവ് വാർഡ് ബിൽഡിംഗ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.</u>

ചടയമംഗലം ബ്ളോക്ക് പഞ്ചായത്ത് 2015- '16 സാമ്പത്തിക വർഷം പ്രോജക്ട് നം.103/15(76/16) ആയി അംഗീകാരം ലഭിച്ച ടി പ്രോജക്ടിന് 29,00,000/രൂപ അടങ്കൽ തുക വകയിരുത്തുകയും , ആകെ പ്രവർത്തിമൂല്യം താഴെ പറയുന്നതനുസരിച്ച് കണക്കാക്കി കരാറുകാരന് ഫൈനൽ പേയ്മെൻറ് നൽകുകയും ചെയ്തിട്ടുണ്ട്.

ആകെ മൂല്യം 26,32,178/രൂപ

കുറയ്ക്കുക ടെണ്ടർ ഡിഡക്ഷൻ 4.5% 1,18,448/രൂപ

----------------------------

25,13,730/രൂപ

ടി തുക ബിൽ നം. 78/2015-2016 dated 28-03--2016 അനുസരിച്ച് മാറി വാറ്റ്, ഐ.ടി, വെ.ഫണ്ട് എന്നിവ കുറവ് ചെയ്തുള്ള തുക കരാറുകാരന് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിൻെറ ഉത്ഘാടനം 01-03-2016 ൽ സ്ഥലം എം. എൽ. ഏ നിർവ്വഹിച്ചതായുള്ള ശിലാഫലകം സ്ഥാപിച്ചിട്ടുണ്ടങ്കിലും നാളിതുവരെയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ, മറ്റ് അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കി പാലിയേറ്റീവ് വാർഡ് പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. പാലിയേറ്റീവ് വാർഡ് പ്രവർത്തിക്കുന്നതിനാവിശ്യമായ എല്ലാ ഭൗതികസാഹചര്യങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുഴവൻ ചെലവ് തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻെറ ബാധ്യതയായി

കണ്ക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2014-15

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കൊല്ലം | 14633350 | ഐ.എ.വൈ ഭവന നിർമ്മാണം | 14633350 | ഇല്ല |
| കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് | 1368000 | ഐ.എ.വൈ ഭവന നിർമ്മാണം | 1368000 | ഇല്ല |
| ഇളമാട് ഗ്രാമപഞ്ചായത്ത് | 1100000 | ഐ.എ.വൈ ഭവന നിർമ്മാണം | 1100000 | ഇല്ല |
| കുമ്മിൾ ഗ്രാമപഞ്ചായത്ത് | 1141500 | ഐ.എ.വൈ ഭവന നിർമ്മാണം | 1141500 | ഇല്ല |
| ചിതറ ഗ്രാമപഞ്ചായത്ത് | 3167500 | ഐ.എ.വൈ ഭവന നിർമ്മാണം | 3167500 | ഇല്ല |
| ചടയമംഗലം ഗ്രാമപഞ്ചായത്ത് | 840000 | ഐ.എ.വൈ ഭവന നിർമ്മാണം | 840000 | ഇല്ല |
| നിലമേൽ ഗ്രാമപഞ്ചായത്ത് | 1160000 | ഐ.എ.വൈ ഭവന നിർമ്മാണം | 1160000 | ഇല്ല |
| ഇട്ടിവ ഗ്രാമപഞ്ചായത്ത് | 1240000 | ഐ.എ.വൈ ഭവന നിർമ്മാണം | 1240000 | ഇല്ല |

| | | | | |
|---|---|---|---|---|
| വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | 1420000 | ഐ.എ.വൈ ഭവന നിർമ്മാണം | 1420000 | ഇല്ല |

2015-16

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കൊല്ലം | 25631391 | ഐ.എ.വൈ ഭവന നിർമ്മാണം | 25631391 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്തിലുള്ള ഗ്രാമപഞ്ചായത്തുകൾ | 13687125 | ഐ.എ.വൈ ഭവന നിർമ്മാണം | 13687125 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിന്റെ വിശദാംശങ്ങൾ

പ്രോജക്ട് നമ്പർ 89/15-16 – 10,77,000/-

(ബിൽ നമ്പർ 01/15/28.10.2015)

വെളിനല്ലൂർ സി.എച്ച്.സി. പൈപ്പ് ലൈൻ നീട്ടൽ

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന | GO(MS)NO-90/2013 | 12546834 | 12546834 | ഇല്ല | 358873 | 12546834 |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മാണം | /LSGD/<br>14-03-13<br>GO(MS)NO-162/13<br>/LSGD/<br>-26-04-13 | | | | (2014-15)<br>219661<br>(15-16) | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

2014-15 സാമ്പത്തികവർഷത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.2015-16 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3.6 | 414 | കെ.സദാനന്ദൻ<br>കോൺട്രാക്ടർ | ചെല്ലാൻ<br>നം-16/20-06-14 |
| | 3-5 | 422 | എം.സൈനുലാബ്ദീൻ | ചെല്ലാൻ<br>നം-15/20-06-14 |
| | 3-1 | 1860 | ലഭ്യമല്ല | ചെല്ലാൻ<br>നം-14/20-06-14 |
| 2008-09 | 3-1 | 420 | ലഭ്യമല്ല | ചെല്ലാൻ<br>നം-17/20-06-14 |

| | | | | |
|---|---|---|---|---|
| 1999-00 | 27 | 1640 | ദാസ്<br>ടൈപ്പിസ്റ്റ് | ചെല്ലാൻ<br>നം-13/20-06-14 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 29 | 2004-05 | II-14 | സമഗ്ര നെൽകൃഷി വികസനം- പവർടില്ലറും കൊയ്ത്ത് യന്ത്രവും പ്രയോജന രഹിതമാക്കി | ലഭ്യമല്ല |
| 1998-99 | 30 | 2004-05 | II-10 | പമ്പ്സെറ്റ് പാടശേഖര ങ്ങളിലേക്ക് വിതരണം ചെയ്തില്ല | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 163586735 | 258886284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 184279107 | 221309263 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ----- | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5990 | 196497 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2090058 | 5233155 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2014-15

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 5000 | ശ്രീമതി.ലിഷാമോഹൻ സെക്രട്ടറി |
| 3-11 | | 990 | ശ്രീ.ജി.ശിശുപാലൻ സെക്രട്ടറി |

2015-16

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14 | | 196497 | ശ്രീമതി,മഞ്ജു.കെ.എസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2014-15

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1299500/- | ശ്രീ.ജി.ശിശുപാലൻ സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 23678/- | ഡോ,സുചിത്ര<br>മെഡിക്കൽ ഓഫീസർ<br>വെളിനെല്ലൂർ സി.എച്ച്.സി |
| 3-9 | എ- 256000/-<br>ബി-50000/-<br>സി-460880/- | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ<br>പട്ടികജാതി വികസന ഓഫീസർ |

2015-16

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3090200 | ശ്രീ.ജി.ശിശുപാലൻ<br>സെക്രട്ടറി |
| 3-5 | 391620 | ശ്രീ.ജി.ശിശുപാലൻ<br>സെക്രട്ടറി |
| 3-7 | 376945 | ഡോ,,രാകേഷ്.എം.വി<br>മെഡിക്കൽ ഓഫീസർ<br>കടയ്ക്കൽ |
| 3-7 | 141101 | ഡോ.എസ്.ആർ.പ്രദീപ്<br>മെഡിക്കൽ ഓഫീസർ<br>കടയ്ക്കൽ |
| 3-9 | സി-142500 | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ<br>പട്ടികജാതി വികസന ഓഫീസർ |
| 3-12 | 1077000 | ഡോ.കെ.ശശി<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി വെളിനെല്ലൂർ |
| 3-13 | 13789 | ഡോ.കെ.ശശി<br>മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | സി.എച്ച്.സി വെളിനെല്ലൂർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലിഷാമോഹൻ<br>സെക്രട്ടറി | സെക്രട്ടറി<br>അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |
| ശ്രീ.ജി.ശിശുപാലൻ<br>സെക്രട്ടറി | സെക്രട്ടറി<br>പരപ്പ ബ്ലോക്ക് പഞ്ചായത്ത്<br>കാസർഗോഡ് | ലഭ്യമല്ല |
| ശ്രീമതി,മഞ്ജു.കെ.എസ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ്ഡിവിഷൻ<br>വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | ധ്വനി<br>കരകുളം<br>പത്മനാഭ നഗർ<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി-1535(14)/14/08-07-14 | 2 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി-1535(13)/14/08-07-14 | 1 |
| 2000-01 | എൽ.എഫ്.ക്യൂ.ഡി.ബി-1535(11)/14/08-07-14 | 2 |
| 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി-1535(10)/14/08-07-14 | 1 |
| 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി-1535(9)/14/08-07-14 | 1 |
| 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി-1535(8)/14/08-07-14 | 1 |
| 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി-1535(7)/14/09-07-14 | 1 |
| 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി-1535(6)/14/09-07-14 | 4 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി-1535(5)/14/09-07-14 | 4 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-1535(4)/14/09-07-14 | 7 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-1535(3)/14/09-07-14 | 11 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1535(2)/14/09-07-14 | 16 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1535(1)/14/09-07-14 | 10 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-370/14/<br>16-09-14 | 12 |
| 2012-13 & | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-1519/15/16-11-15 | എല്ലാ<br>ഖണ്ഡികകളും |

| | | | |
|---|---|---|---|
| 2013-14 | | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം-1

## സാക്ഷ്യപത്രം-2014-15

കെ.എസ്.എ.കെ.എൽ.എം.ഡിബി.530/2017 തീയതി. 22/03/2017

സാക്ഷ്യപത്രം

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003 /ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം

## അനുബന്ധം-2

## സാക്ഷ്യപത്രം-2015-16

കെ.എസ്.എ.കെ.എൽ.എം.ഡി.ബി. 530/2017 തീയതി .22/03/2017

### സാക്ഷ്യപത്രം

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003 /ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം